സൂറഃ-7

# അൽ അഅ്റാഫ്

ٱلَّذِينَ يَتَّبِعُونَ ٱلرَّسُولَ ٱلنَّبِىَّ ٱلْأُمِّىَّ ٱلَّذِى يَجِدُونَهُۥ مَكْتُوبًا عِندَهُمْ
فِى ٱلتَّوْرَىٰةِ وَٱلْإِنجِيلِ يَأْمُرُهُم بِٱلْمَعْرُوفِ وَيَنْهَىٰهُمْ عَنِ ٱلْمُنكَرِ وَيُحِلُّ
لَهُمُ ٱلطَّيِّبَـٰتِ وَيُحَرِّمُ عَلَيْهِمُ ٱلْخَبَـٰٓئِثَ وَيَضَعُ عَنْهُمْ إِصْرَهُمْ وَٱلْأَغْلَـٰلَ
ٱلَّتِى كَانَتْ عَلَيْهِمْ ۚ فَٱلَّذِينَ ءَامَنُوا۟ بِهِۦ وَعَزَّرُوهُ وَنَصَرُوهُ وَٱتَّبَعُوا۟
ٱلنُّورَ ٱلَّذِىٓ أُنزِلَ مَعَهُۥٓ ۙ أُو۟لَـٰٓئِكَ هُمُ ٱلْمُفْلِحُونَ ﴿١٥٧﴾

**157.** ഈ അനുഗ്രഹം ഇപ്പോൾ അർഹിക്കുന്നത്, തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇഞ്ചീലിലും രേഖപ്പെടുത്തിക്കാണുന്ന നിരക്ഷരനായ ഈ പ്രവാചകദൂതനെ പിന്തുടരുന്നവരാകുന്നു. അദ്ദേഹം ധർമം കൽപിക്കുകയും അധർമം വിലക്കുകയും ചെയ്യുന്നു. ജനങ്ങൾക്ക് നല്ലത് അനുവദിച്ചുകൊടുക്കുകയും ദുഷിച്ചവ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരെ ഞെരിച്ചുകൊണ്ടിരിക്കുന്ന ഭാരം ഇറക്കിവെക്കുന്നു. അവരെ വരിഞ്ഞുമുറുക്കുന്ന ചങ്ങലകൾ അഴിച്ചുമാറ്റുന്നു. അതിനാൽ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ ബലപ്പെടുത്തുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം ഇറക്കപ്പെട്ട വെളിച്ചത്തെ പിൻപറ്റുകയും ചെയ്യുന്നവർ മാത്രമാകുന്നു ഇനി വിജയം വരിക്കുന്നവർ.

ٱلَّذِينَ يَتَّبِعُونَ = (ആകുന്നു ഈ അനുഗ്രഹം ഇപ്പോൾ അർഹിക്കുന്നത്) പിന്തുടരുന്നവർ

ٱلرَّسُولَ ٱلنَّبِىَّ ٱلْأُمِّىَّ = നിരക്ഷരനായ പ്രവാചകദൂതനെ ٱلَّذِى يَجِدُونَهُۥ = (അദ്ദേഹത്തെ അവർ കാണുന്നു(ന്ന)

مَكْتُوبًا = എഴുതപ്പെട്ടതായി (രേഖപ്പെടുത്തി) عِندَهُمْ = അവരുടെ പക്കൽ(ഉള്ള) فِى ٱلتَّوْرَىٰةِ = തൗറാത്തിൽ وَٱلْإِنجِيلِ = ഇഞ്ചീലിലും

يَأْمُرُهُم = അദ്ദേഹം അവരോടു കൽപിക്കുന്നു بِٱلْمَعْرُوفِ = നന്മ, ധർമം وَيَنْهَىٰهُمْ = അദ്ദേഹം അവരെ വിലക്കുന്നു

عَنِ ٱلْمُنكَرِ = തിന്മ, അധർമത്തിൽനിന്ന് وَيُحِلُّ لَهُمُ = അവർക്ക് (ജനങ്ങൾക്ക്) അനുവദിച്ചുകൊടുക്കുന്ന ٱلطَّيِّبَـٰتِ = നല്ലതുകൾ

وَيُحَرِّمُ عَلَيْهِمُ = അവർക്ക് നിഷിദ്ധമാക്കുന്നു ٱلْخَبَـٰٓئِثَ = മ്ലേച്ഛങ്ങൾ, ദുഷിച്ചവ وَيَضَعُ عَنْهُمْ = അവരിൽനിന്ന് ഇറക്കിവെക്കുന്നു

إِصْرَهُمْ = അവരുടെ (ഞെരിച്ചുകൊണ്ടിരിക്കുന്ന) ഭാരം وَٱلْأَغْلَـٰلَ = ചങ്ങലകളും (അഴിച്ചുമാറ്റുന്നു)

ٱلَّتِى كَانَتْ عَلَيْهِمْ = അവരുടെ മേലുണ്ടായിരുന്ന (അവരെ വരിഞ്ഞുമുറുക്കിയിരുന്ന)

فَٱلَّذِينَ ءَامَنُوا۟ بِهِۦ = അതിനാൽ അദ്ദേഹത്തിൽ വിശ്വസിച്ചവർ وَعَزَّرُوهُ = അദ്ദേഹത്തെ ബലപ്പെടുത്തിയവരും

وَنَصَرُوهُ = അദ്ദേഹത്തെ സഹായിച്ചവരും وَٱتَّبَعُوا۟ ٱلنُّورَ = വെളിച്ചത്തെ പിൻപറ്റിയവരും

ٱلَّذِىٓ أُنزِلَ مَعَهُۥٓ = അദ്ദേഹത്തോടൊപ്പം ഇറക്കപ്പെട്ടതായ أُو۟لَـٰٓئِكَ هُمُ = അവർ മാത്രമാകുന്നു

ٱلْمُفْلِحُونَ = (ഇനി)വിജയം വരിക്കുന്നവർ

**157:** വേദക്കാരെ സംബോധന ചെയ്തുകൊണ്ട് സുപ്രധാനമായ രണ്ടു സംഗതികൾ അല്ലാഹു മനുഷ്യരാശിയെ ഉണർത്തിയിരിക്കുകയാണീ സൂക്തത്തിൽ. ഒന്ന്, മുൻ സൂക്തത്തിൽ സൂചിപ്പിച്ചപോലെ പരലോകത്ത് അല്ലാഹുവിന്റെ കാരുണ്യം ലഭി

ക്കാൻ അർഹത നേടുന്നവർ, മുഹമ്മദീയ പ്രവാചകത്വത്തിനു ശേഷം ആരായിരിക്കും? രണ്ട്, ഈ പ്രവാചകന്റെയും അദ്ദേഹത്തെ അനുഗമിക്കുന്നവരുടെയും ദൗത്യമെന്താണ്?

وَٱلَّذِينَ هُم بِـَٔايَـٰتِنَا يُؤْمِنُونَ (നമ്മുടെ സൂക്തങ്ങളിൽ/ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നത് അവർ തന്നെയാണ്) എന്ന് കഴിഞ്ഞ സൂക്തങ്ങളിൽ ദൈവാനുഗ്രഹത്തിന് അർഹരാകുന്നവരുടെ ഗുണങ്ങൾ വർണിച്ചുകൊണ്ടു പറഞ്ഞുവല്ലോ. സത്യപ്രവാചകനും സത്യവേദവും ഈ ദൃഷ്ടാന്തങ്ങളിൽപെട്ടതാണ്. ഭക്തിയും ദാനധർമവും പരലോകത്ത് പ്രതിഫലാർഹമാകാൻ ഈ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കേണ്ടതുണ്ട്. ഇഞ്ചീലിനുശേഷം അവതരിച്ച ദൈവിക സൂക്തങ്ങളാണ് ഖുർആൻ. അതിന്റെ വാഹകനാണ് മുഹമ്മദ് നബി(സ). ഇനി ഈ ദൃഷ്ടാന്തങ്ങളെ തള്ളിക്കളഞ്ഞുകൊണ്ട് മനുഷ്യർക്ക് യഥാർഥ സന്മാർഗലബ്ധി സാധ്യമല്ല. ഭക്തരാവാനും കഴിയില്ല. പൂർവവേദക്കാർ ഈ പ്രവാചകനെയും വേദത്തെയും തള്ളിപ്പറയുന്നുവെങ്കിൽ, ഒന്നുകിൽ അതവരുടെ മൂഢതയാണ്. അല്ലെങ്കിൽ മനഃപൂർവമുള്ള സത്യനിഷേധം.

അന്ത്യപ്രവാചകനെ നിരക്ഷരനായ പ്രവാചകദൂതൻ - ٱلرَّسُولَ ٱلنَّبِىَّ ٱلْأُمِّىَّ - എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. പൂർവവേദക്കാരെ സംബന്ധിച്ചേടത്തോളം അദ്ദേഹത്തിൽ വിശ്വസിക്കേണ്ടതിന്റെ ന്യായവും കൂടി ഈ വിശേഷണം ഉൾക്കൊള്ളുന്നുണ്ട്. പിൽക്കാല പ്രവാചകന്മാരെയും അവരുടെ മാർഗദർശനങ്ങളെയും അംഗീകരിച്ചുകൊള്ളാമെന്ന് അവർ നേരത്തേ അല്ലാഹുവുമായി കരാർ ചെയ്തിട്ടുള്ളതാണ്. ഇപ്പോൾ ആഗതനായിട്ടുള്ള മുഹമ്മദ്(സ) പൂർവവേദങ്ങളിലെ അടിസ്ഥാന തത്ത്വങ്ങൾ തന്നെ പഠിപ്പിക്കുന്ന പ്രബോധകൻ എന്ന നിലയിൽ അവർക്ക് പ്രവാചകനാണ്. പുതിയ വേദവും ശരീഅത്തും കൊണ്ടുവന്ന പ്രബോധകൻ എന്ന നിലയിൽ റസൂലുമാണ്. ഈ രണ്ട് നിലകളിലും അദ്ദേഹത്തെ അംഗീകരിക്കാനും പിൻപറ്റാനും മറ്റെല്ലാ ജനങ്ങളെയും പോലെ പൂർവവേദക്കാരും ബാധ്യസ്ഥരാകുന്നു. നിരക്ഷരൻ (ٱلْأُمِّىَّ) എന്ന വിശേഷണത്തിന് രണ്ടു ധ്വനികളുണ്ട്: ഒന്ന്, സുവ്യക്തമായ ഒരു വേദം കൂടെ കൊണ്ടുവന്നിട്ടുള്ളതിനാൽ ഈ പ്രവാചകനെ സംശയിക്കേണ്ട കാര്യമില്ല. നിരക്ഷരനിരിക്കട്ടെ, സാക്ഷരനു പോലും അത്തരമൊന്ന് കൃത്രിമമായി ഉണ്ടാക്കാനാവില്ല. ഈ പ്രവാചകൻ അല്ലാഹുവിനാൽ നിയുക്തനാകുന്നു എന്നതിന് അതുതന്നെ മതിയായ തെളിവാകുന്നു. നിരക്ഷരരോട് വൈദിക മതവിഭാഗങ്ങൾ പുലർത്തിയിരുന്ന മനോഭാവത്തിനെതിരെയുള്ള വിമർശനമാണ് രണ്ടാമത്തെ ധ്വനി. നിരക്ഷരരായ അറബികളെ തങ്ങൾക്കൊത്ത മനുഷ്യരായിപ്പോലും യഹൂദർ ഗണിച്ചിരുന്നില്ല. അവരോട് എന്തുമാവാം. എങ്ങനെയും ചൂഷണം ചെയ്യാം. അടിച്ചമർത്താം. അവരോട് കടം വാങ്ങിയാൽ തിരിച്ചുകൊടുക്കാൻ പോലും ബാധ്യതയില്ല. ഉമ്മിയ്യുകളോട് എന്തുചെയ്താലും നമുക്കെതിരെ ന്യായമില്ല. - لَيْسَ عَلَيْنَا فِى ٱلْأُمِّيِّـۧنَ سَبِيلٌ എന്നായിരുന്നു യഹൂദരുടെ വാദം. അവരുടെ വംശീയ ദുരഭിമാനത്തിൽനിന്നും ചൂഷണ മനോഭാവത്തിൽനിന്നുമുണ്ടായതാണീ വാദം. വംശീയമായ അഹന്തയും ദുർധാരണകളും ഒഴിവാക്കി നിരക്ഷരനായ ഈ പ്രവാചകനെ പിൻപറ്റാൻ തയാറാകണമെന്നാണ് ഖുർആൻ ഉണർത്തുന്നത്. അക്കാലത്ത് യഹൂദർ ഇസ്‌ലാമിൽനിന്ന് അകന്നുനിൽക്കാനുള്ള പ്രധാന കാരണം പ്രവാചകൻ നിരക്ഷരസമൂഹമായ അറബികളിൽനിന്നുള്ളവനാകുന്നു എന്നതും 'ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട സമൂഹം' എന്ന യഹൂദ വർഗ മേധാവിത്വം അംഗീകരിക്കുന്നില്ല എന്നതുമായിരുന്നു. യഹൂദ വംശീയതയോ സാക്ഷരതയോ പിൽക്കാല പ്രവാചകന്റെ ലക്ഷണമായി പൂർവവേദങ്ങൾ പറഞ്ഞിട്ടില്ല. എന്നാലോ, മുഹമ്മദീയ പ്രവാചകത്വത്തിന്റെ ലക്ഷണങ്ങൾ ബൈബിൾ പഴയനിയമത്തിലും പുതിയ നിയമത്തിലും രേഖപ്പെട്ടുകിടക്കുന്നത് വേദക്കാർ കാണുന്നുണ്ടു താനും. അതു തിരിച്ചറിഞ്ഞവർ അക്കാലത്ത് ധാരാളമുണ്ടായിരുന്നു. പക്ഷേ, തിരിച്ചറിഞ്ഞവരിൽ പലരും കണ്ടില്ലെന്നു നടിക്കുകയാണുണ്ടായത്. ചുരുക്കം ചിലർമാത്രം സത്യത്തെ പുണരാൻ തയാറായി. പ്രവാചക ശിഷ്യന്മാരായിത്തീർന്ന, അബ്ദുല്ലാഹിബ്നു സലാമിനെ പോലുള്ള യഹൂദ പണ്ഡിതന്മാരും തമീമുദ്ദാരിയെപോലുള്ള ക്രൈസ്തവ പണ്ഡിതന്മാരും അക്കൂട്ടത്തിൽപെടുന്നു.

ബൈബിളിലെ പല വാക്യങ്ങളും മുഹമ്മദീയാഗമനം പ്രവചിക്കുന്നതായി ഇസ്‌ലാമിക പണ്ഡിതന്മാർ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഉദാ: മോശെ ആസന്നമരണനായപ്പോൾ ഇസ്രാഈല്യരെ അനുഗ്രഹിച്ചതായി ആവർത്തന പുസ്തകം 33: 1-2-ൽ പറയുന്നു: "കർത്താവ് സീനായിൽനിന്നു വന്നു. സയീറിൽ വെച്ചു നമ്മുടെ മേൽ ഉദിച്ചു. പാറാൻ പർവതത്തിൽ അവൻ പ്രകാശിച്ചു. തന്റെ വലതു കൈയിൽ അഗ്നിജ്വാലയുമായി പതിനായിരങ്ങളായ വിശുദ്ധരിൽനിന്ന് അവൻ വന്നു." കർത്താവിന്റെ സീനായിൽനിന്നുള്ള വരവ് മോശെക്ക് തൗറാത്ത് നൽകിയതിനെയും സയറിൽവെച്ചുള്ള ഉദയം യേശുവിന് ഇഞ്ചീൽ നൽകിയതിനെയും പാറാൻ പർവതത്തിലെ പ്രകാശം മുഹമ്മദ് നബിക്ക് ഖുർആൻ നൽകിയതിനെയും സൂചിപ്പിക്കുന്നതായി വ്യാഖ്യാനിക്കപ്പെടുന്നു. പാറാൻ പർവതം മക്കയിലെ മലനിരകളിൽ പെട്ടതാണ്.

ആവർത്തനം 18: 17-20-ൽ കർത്താവ് മോശയോട് പറഞ്ഞതായി ഉദ്ധരിക്കുന്നു: "നിന്നെപ്പോലെ ഒരു പ്രവാചകനെ അവരുടെ സഹോദരന്മാരിൽനിന്ന് അവർക്കായി ഞാൻ ഉയർത്തും. ഞാൻ എന്റെ വചനങ്ങൾ അയാളുടെ നാവിൽനിവേശിപ്പിക്കും. ഞാൻ കൽപിക്കുന്നവയെല്ലാം അയാൾ അവരോട് സംസാരിക്കും. അയാൾ എന്റെ നാമത്തിൽ ഉച്ചരിക്കുന്ന എന്റെ വാക്കുകൾ ചെവിക്കൊള്ളാത്തവരോട് ഞാൻ തന്നെ കണക്കു ചോദിക്കും." ഇസ്രാഈല്യരുടെ 'സഹോദരന്മാർ' ഇസ്ഹാഖിന്റെ സഹോദരൻ ഇസ്മാഈലിന്റെ സന്തതികളായ അറബികളാണല്ലോ. അവരിൽനിന്ന് ദൈവത്തിന്റെ വചനങ്ങളുമായി വന്ന പ്രവാചകൻ മുഹമ്മദ് നബിയാണ്.

യശയ്യാ 42: 1-4-ൽ പറയുന്നു: "ഇതാ ഞാൻ താങ്ങുന്ന എന്റെ ദാസൻ. എന്റെ തെരഞ്ഞെടുക്കപ്പെട്ടവൻ. എന്റെ ഉള്ളം അയാളിൽ പ്രസാദിച്ചിരിക്കുന്നു. ഞാൻ എന്റെ ആത്മാവ് അയാളിൽ നിക്ഷേപിച്ചിരിക്കുന്നു. അയാൾ ജനതകളുടെ മേൽ നീതി നടത്തും. അയാൾ നിലവിളിക്കയില്ല........ അയാൾ വിശ്വസ്തതാപൂർവം നീതി നടത്തും. അയാൾ ഭൂമിയിൽ നീതി സ്ഥാപിതമാക്കുംവരെ പരാജയപ്പെടുകയുമില്ല. നിരാശപ്പെടുകയില്ല. ദ്വീപുകൾ അയാളുടെ നിയമത്തിനുവേണ്ടി കാത്തിരിക്കുന്നു."

ഈസാ നബി തന്റെ ശിഷ്യന്മാരോട് പറയുന്നു: "പിതാവിൽനിന്ന് നിങ്ങളുടെ അടുത്തേക്ക് ഞാൻ അയക്കുന്ന പാർക്കലീത്ത, പിതാവിൽനിന്ന് പുറപ്പെടുന്ന സത്യാത്മാവ് വരുമ്പോൾ അവൻ എനിക്കു സാക്ഷ്യം വഹിക്കും. നിങ്ങളും സാക്ഷികളാണ്. തുടക്കം മുതൽ നിങ്ങൾ എന്നോടു കൂടി ഉണ്ടായിരുന്നുവല്ലോ" (യോഹന്നാൻ 15: 27). ഈ വാക്യത്തിൽ 'സഹായകൻ' എന്ന് ബൈബിൾ പരിഭാഷകർ തർജമ ചെയ്യുന്നത് 'പാർക്കലീത്ത' എന്ന ഹിബ്രു പദത്തെയാണ്. أَحْمَدُ (ഏറ്റം സ്തുതിക്കുന്നവൻ) എന്നാണീ പദത്തിന്റെ ശരിയായ അർഥം. മുഹമ്മദിന്റെ മറ്റൊരു രൂപമാണത്. മുഹമ്മദ് നബിയുടെ മറ്റൊരു പേരായും ഈ പദം ഉപയോഗിക്കാറുണ്ട്. *സൂറഃ അസ്സ്വഫ്ഫ്* 6-ാം സൂക്തത്തിൽ:

مُّصَدِّقًا لِّمَا بَيْنَ يَدَىَّ مِنَ ٱلتَّوْرَىٰةِ وَمُبَشِّرًۢا بِرَسُولٍ يَأْتِى مِنۢ بَعْدِى ٱسْمُهُۥٓ أَحْمَدُ

(എന്റെ മുന്നിലുള്ള തൗറാത്തീ പ്രവചനം സാക്ഷാത്കരി

ക്കുന്നവനും എനിക്കുശേഷമുള്ള അഹ്മദ് എന്നു പേരായ പ്രവാചകന്റെ ആഗമന സുവിശേഷകനായും) എന്ന് പ്രസ്താവിച്ചിരിക്കുന്നു.

പുതിയ നിയമം യോഹന്നാൻ 14: 16-26 യേശു ശിഷ്യന്മാരോടു പറയുന്നു: "നിങ്ങളോടു കൂടി എന്നെന്നും ഉണ്ടായിരിക്കാൻ പിതാവ് മറ്റൊരു പാർക്കലീത്തയെ നിങ്ങൾക്കു തരും ...... പിതാവ് അയക്കുന്ന പാർക്കലീത്തയായ പരിശുദ്ധാത്മാവ് എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കും. ഞാൻ പറഞ്ഞിട്ടുള്ളതെല്ലാം അവൻ നിങ്ങളെ ഓർമിപ്പിക്കുകയും ചെയ്യും. "അതേ പുസ്തകം 16: 7-15-ൽ പറയുന്നു: "സത്യം ഞാൻ നിങ്ങളോടു പറയുന്നു. ഞാൻ പോകുന്നത് നിങ്ങളുടെ നന്മക്കാണ്. ഞാൻ പോകുന്നില്ലെങ്കിൽ പാർക്കലീത്ത നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കലേക്ക് ഞാൻ അയക്കും. അവൻ വരുമ്പോൾ പാപത്തെയും നീതിയെയും ന്യായവിധിയെയും പറ്റി, ഈ ലോകത്തെ കുറ്റപ്പെടുത്തും......... ഇനിയും പല കാര്യങ്ങൾ എനിക്കു നിങ്ങളോട് പറയാനുണ്ട്. എന്നാൽ ഇപ്പോൾ നിങ്ങൾക്ക് അതു താങ്ങാൻ സാധ്യമല്ല. സത്യാത്മാവ് വരുമ്പോൾ അവൻ നിങ്ങളെ എല്ലാ സത്യത്തിലേക്കും നയിക്കും. സ്വന്തം അധികാരത്തിൽ ഒന്നും അവൻ പറയുകയില്ല. എന്നാൽ താൻ കേൾക്കുന്നതെന്തും അവൻ പറയും. വരാനിരിക്കുന്ന കാര്യങ്ങൾ അവൻ നിങ്ങളോട് പ്രഖ്യാപിക്കും. എനിക്കുള്ളത് എടുത്ത് അവൻ നിങ്ങളോട് പ്രഖ്യാപിക്കും. അങ്ങനെ അവൻ എന്നെ മഹത്വപ്പെടുത്തും."

മത്തായി 21: 42-44-ൽ: "യേശു അവരോടു ചോദിച്ചു: നിങ്ങൾ ഇതു വിശുദ്ധ ലിഖിതത്തിൽ വായിച്ചിട്ടില്ലേ? പണിക്കാർ തള്ളിക്കളഞ്ഞ കല്ലുതന്നെ മൂലക്കല്ലായി തീർന്നു. ഇതു കർത്താവിന്റെ പ്രവൃത്തിയാണ്. നമ്മുടെ ദൃഷ്ടിയിൽ വിസ്മയകരവും. അതിനാൽ ഞാൻ നിങ്ങളോടു പറയുന്നു: ദൈവരാജ്യം നിങ്ങളിൽനിന്ന് എടുത്ത് ഫലം പുറപ്പെടുവിക്കുന്ന ജനതക്കു നൽകും."

യോഹന്നാൻ 14:31-ൽ: "യേശു ശിഷ്യന്മാരോടു പറയുന്നു: ഇനി ഞാൻ നിങ്ങളോട് ഏറെ സംസാരിക്കുകയില്ല. ഈ ലോകത്തിന്റെ അധികാരി വരുന്നു. എന്നാൽ അയാൾക്ക് എന്റെ മേൽ ഒരധികാരവുമില്ല."

ഇതുപോലുള്ള പ്രവചനങ്ങൾ പഴയ നിയമത്തിലും പുതിയ നിയമത്തിലും വേറെയുമുണ്ട്. ഈ പ്രവചനങ്ങൾ ഒന്നു പരിശോധിച്ചു നോക്കുക. ഇസ്രാഈല്യരിലെ അവസാനത്തെ പ്രവാചകനായിരുന്നു ഈസാ(അ). അദ്ദേഹത്തിനുശേഷം ആ വംശത്തിൽ പ്രവാചകന്മാരുണ്ടായിട്ടില്ല. എങ്കിൽ ഈ വചനങ്ങൾ ചൂണ്ടിക്കാണിക്കുന്ന, വരാനിരിക്കുന്നവൻ മുഹമ്മദ്(സ) അല്ലാതെ മറ്റാരാണാവുക? പണിക്കാർ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായിത്തീർന്നത് ആരായിരിക്കും? ലോകത്തിന്റെ നായകനായി അതിനോടൊപ്പം എന്നെന്നും ഉണ്ടായിരിക്കുന്നവനാരാണ്? യേശുവിന്നും പറയാനാവാത്തത് പറയാൻ കഴിയുന്ന പദവിയുള്ളത് ആർക്കാണ്? അഹന്തയുടെയും സത്യനിഷേധത്തിന്റെയും പ്രേരണകൊണ്ട് വല്ലതുമൊക്കെ പറയാം. അങ്ങനെ ഈ പ്രവചനങ്ങൾക്കെല്ലാം മറ്റു തരത്തിലുള്ള വ്യാഖ്യാനങ്ങൾ ചമക്കാം. പക്ഷേ, വരാനിരിക്കുന്ന നായകനെക്കുറിച്ച് ബൈബിൾ പറയുന്ന കാര്യങ്ങളും മുഹമ്മദീയ ലക്ഷണങ്ങളും സൂക്ഷ്മമായി താരതമ്യം ചെയ്യുന്ന നിഷ്പക്ഷ ബുദ്ധികൾക്ക് ബൈബിൾ സൂചിപ്പിക്കുന്നത് മുഹമ്മദ് നബിയെ തന്നെയാണെന്ന് ഗ്രഹിക്കാൻ പ്രയാസമുണ്ടാവില്ല.

മുഹമ്മദീയ പ്രവാചകത്വത്തെ നിഷേധിക്കുമ്പോൾ ഈ പ്രവചനങ്ങളെ പൂർവവേദക്കാർക്ക് മറ്റു തരത്തിൽ വ്യാഖ്യാനിക്കേണ്ടിവരിക സ്വാഭാവികമാണ്. എങ്കിലും സത്യാന്വേഷകർക്ക് വഴികാട്ടിയായി ആ വചനങ്ങൾ ഇന്നും തൗറാത്തിലും ഇഞ്ചീലിലും നിലനിൽക്കുന്നുണ്ട്. അതുകൊണ്ടാണ് പ്രവാചകനെ مَكْتُوبًا عِندَهُمْ فِى ٱلتَّوْرَىٰةِ وَٱلْإِنجِيلِ (അവരുടെ പക്കലുള്ള തൗറാത്തിലും ഇഞ്ചീലിലും രേഖപ്പെടുത്തിക്കാണുന്നു) എന്നു വിശേഷിപ്പിച്ചത്.

ധർമം കൽപിക്കലും അധർമം വിലക്കലും പ്രവാചകന്റെ ദൗത്യമാണ്. ഇതുതന്നെയായിരുന്നു എല്ലാ പ്രവാചകന്മാരുടെയും ദൗത്യം. അല്ലാഹുവിന്റെ ഏകത്വവും പരമാധികാരവും അംഗീകരിച്ച് അവന്റെ ശാസനകളനുസരിച്ച് ഭൂമിയിൽ വാഴുക എന്നതാണ് മനുഷ്യന്റെ ഏറ്റവും വലിയ ധർമമായി പ്രവാചകന്മാർ കൽപിച്ചത്. മറ്റു ധർമങ്ങളെല്ലാം ഈ ധർമത്തിന്റെ ശാഖകളും ഉപശാഖകളുമാണ്. അല്ലാഹുവിനെയും അവന്റെ ഏകത്വത്തെയും അധികാരാവകാശങ്ങളെയും നിഷേധിച്ചുകൊണ്ട് അവന്റെ നിസ്സാരമായ സൃഷ്ടികളെ അവനുതുല്യം മഹത്വവും ശക്തിയും അധികാരവുമുള്ളവരായി ആരാധിക്കുകയും അനുസരിക്കുകയും ചെയ്യുക എന്നതാണ് മനുഷ്യരിൽനിന്നുണ്ടാകാവുന്ന അധർമങ്ങളിൽ ഏറ്റവും ഗുരുതരമായത്. മറ്റ് അധർമങ്ങളെല്ലാം ഈ ഗുരുതരമായ അധർമത്തിൽനിന്നുളവാകുന്നതും അതിന്റെ ശാഖകളും ഉപശാഖകളുമാകുന്നു. അതുകൊണ്ട് ധർമത്തെ ചിലപ്പോൾ അല്ലാഹുവിനുള്ള ഇബാദത്ത് എന്നും അധർമത്തെ പൈശാചിക ശക്തികൾക്കുള്ള ഇബാദത്ത് എന്നും വ്യവഹരിക്കാറുണ്ട്. അപ്പോൾ ധർമകൽപന (امر بالمعروف) യുടെ സ്ഥാനത്ത് أَعْبُدُ ٱللَّهَ (അല്ലാഹുവിന് ഇബാദത്ത് ചെയ്യുക) എന്ന കൽപനയും അധർമവിരോധത്തിന്റെ സ്ഥാനത്ത് اجتناب الطّاغوت (പൈശാചിക ശക്തികളെ വർജിക്കൽ)ഉം വരുന്നു. *ഇബാദത്തുല്ലാഹി*യും *ഇജ്തിനാബുത്ത്വാഗൂത്തും അംറും ബിൽ മഅ്റൂഫി*ന്റെയും *നഹ്യുൻ അനിൽ മുൻകറി*ന്റെയും ആഴം കാട്ടിത്തരുമ്പോൾ, *അംറും ബിൽ മഅ്റൂഫും നഹ്യുൻ അനിൽ മുൻകറും* *ഇബാദത്തുല്ലാ*യുടെയും *ഇജ്തിനാബുത്ത്വാഗൂത്തി*ന്റെയും പരപ്പാണ് നമുക്ക് കാണിച്ചുതരുന്നത്. *അംറും ബിൽ മഅ്റൂഫും നഹ്യുൻ അനിൽ മുൻകറും* പ്രവാചകന്റെ ദൗത്യം എന്നതിനു പുറമെ അദ്ദേഹത്തിന്റെ പ്രവാചകത്വത്തിന്റെ തെളിവുകൂടിയായിട്ടാണ് ഇവിടെ പരാമർശിച്ചിരിക്കുന്നത്. അതായത്, വരാനിരിക്കുന്ന വഴികാട്ടിയുടെ ദൗത്യമായി തൗറാത്തും ഇഞ്ചീലും രേഖപ്പെടുത്തിയിട്ടുള്ള ധർമ സംസ്ഥാപനവും അധർമ നിർമാർജനവും ഈ പ്രവാചകൻ യഥോചിതം ഏറ്റെടുത്തു നിർവഹിക്കുന്നതായും നിങ്ങൾക്കു കാണാം.

ഭൗതികമായും ധാർമികമായും ഉത്തമമായ പദാർഥങ്ങളും കർമങ്ങളും ആശയങ്ങളുമെല്ലാമാണ് ٱلطَّيِّبَٰتِ. അതിന്റെ നേരെ വിപരീതം ٱلْخَبَٰٓئِثَ. രണ്ടും ബഹുവചനങ്ങളാണ് طيب -ഉം خبيث -ഉം ആണ് ഏകവചനം. അന്ധവിശ്വാസം മൂലം, അജ്ഞതമൂലം, അധികാരികളുടെ അക്രമംമൂലം അതുമല്ലെങ്കിൽ സ്വന്തം തെറ്റുകൾ മൂലം ജനങ്ങൾക്ക് അപ്രാപ്യമായിത്തീർന്ന വിഭവങ്ങളും കർമങ്ങളും ജ്ഞാനങ്ങളുമെല്ലാം അനുവദനീയമാക്കുകയും, ഭൗതികമായും ആത്മീയമായും മ്ലേഛവും ദോഷകരവുമായവക്ക് നിരോധമേർപ്പെടുത്തുകയും ചെയ്യുക എന്നതാണ് പ്രവാചകന്മാരുടെ മറ്റൊരു ദൗത്യം. *അംറുംബിൽ മഅ്റൂഫി*ന്റെയും *നഹ്യുൻ അനിൽ മുൻകറി*ന്റെയും ഭാഗം അല്ലെങ്കിൽ വിശദീകരണം തന്നെയാണിത്.

ٱلطَّيِّبَٰتِ കൊണ്ടുദ്ദേശ്യം ഉത്തമമായ ഭക്ഷ്യവിഭവങ്ങളാണ് എന്ന് പൂർവിക പണ്ഡിതന്മാരിൽ പലരും പ്രസ്താവിച്ചിട്ടുണ്ട്. ഹാം, വസ്വീല, ബഹീറ എന്നിങ്ങനെ പേരുവിളിക്കപ്പെട്ട ഒട്ടകങ്ങളുടെ മാംസം അറബികൾ നിഷിദ്ധമായി കരുതിയിരുന്നു. അതുപോലെ മൃഗങ്ങളുടെ കൊഴുപ്പ് യഹൂദർക്ക് അവരുടെ ചില അതിക്രമത്തിന് ശിക്ഷയായി അല്ലാഹുതന്നെ വിലക്കിയിരുന്നു. യഥാർഥത്തിൽ ഉത്തമമായ ആ വിഭവങ്ങളെല്ലാം അന്ത്യപ്രവാചകൻ എല്ലാവർക്കും അനുവദനീയമാക്കി. ശവം, പന്നിയി

റച്ചി, രക്തം തുടങ്ങിയവ ഭക്ഷ്യയോഗ്യമല്ലാത്ത മ്ലേഛ വസ്തുക്കൾ ജാഹിലീ അറബികൾ ഭക്ഷിച്ചിരുന്നു. പലിശമുതൽ, കൈക്കൂലി തുടങ്ങിയ ധാർമികമായി മ്ലേഛമായതും ഉപയോഗിച്ചിരുന്നു. പ്രവാചകൻ അതെല്ലാം നിരോധിച്ചു. അല്ലാഹു അനുവദിച്ച ഭക്ഷ്യവിഭവങ്ങളെല്ലാം ഭൗതികമായും ധാർമികമായും ഉത്തമവും അവൻ നിരോധിച്ചതെല്ലാം ഭൗതികമായും ധാർമികമായും മ്ലേഛവുമാണ്.

പൂർവിക വ്യാഖ്യാതാക്കൾ അവരുടെ കാലത്ത് സുപരിചിതമായിരുന്ന ചില സംഗതികളെ ഈ വാക്യവുമായി സമന്വയിപ്പിക്കുകയായിരുന്നു. ഭക്ഷ്യവസ്തുക്കളിലെ ഉത്തമാധമത്വങ്ങൾ മാത്രമേ വാക്യത്തിന്റെ പരിധിയിൽ വരുന്നുള്ളൂ എന്ന് അതിനർഥമില്ല. ഭക്ഷ്യേതരമായ വിഭവങ്ങളുടെയും കർമങ്ങളുടെയും വാക്കുകളുടെയും വിചാരത്തിന്റെയും കാര്യത്തിലും ഉത്തമാധമ വിവേചനവും അനുവാദ നിഷിദ്ധങ്ങളും പ്രസക്തമാകുന്നു. ഉത്തമമായ സുഖസൗകര്യോപാധികൾ, ഉപകരണങ്ങൾ, സംസാരം, വിനോദം, കല, സാഹിത്യം എല്ലാം അനുവദനീയവും ചിലപ്പോൾ അനിവാര്യവുമാകുന്നു. അധമമായതെല്ലാം നിഷിദ്ധവും.

ജനങ്ങളെ ഞെരിക്കുന്ന ഭാരങ്ങൾ ഇറക്കിവെക്കുകയും അവരെ വരിഞ്ഞുമുറുക്കുന്ന ചങ്ങലകൾ അഴിച്ചുമാറ്റുകയും ചെയ്യുക - وَيَضَعُ عَنْهُمْ إِصْرَهُمْ وَالْأَغْلَالَ الَّتِي كَانَتْ عَلَيْهِمْ -യാണ് പ്രവാചകന്റെ മൂന്നാമത്തെ ദൗത്യമായി പറയുന്നത്. അതായത് കഷ്ടപ്പെടുന്നവന്റെ കണ്ണീരൊപ്പുകയും ഭാരം വഹിക്കുന്നവന്റെ അത്താണിയാവുകയും ചെയ്യുക. ധർമ സംസ്ഥാപനവും അധർമ നിർമാർജനവും നല്ലതുകളുടെ അനുവദനീയതയും മ്ലേഛതകളുടെ നിഷേധവും യാഥാർഥ്യമാകുമ്പോൾ സംഭവിക്കേണ്ടതാണ് മനുഷ്യവിമോചനം. എന്നിട്ടും അത് പ്രത്യേകം എടുത്തു പറഞ്ഞത്, ദീൻ അതിനു കൽപിക്കുന്ന പ്രാധാന്യം വ്യക്തമാക്കിത്തരുന്നു. ജനങ്ങളുടെ ജീവിതം ലഘൂകരിക്കുക ഇസ്‌ലാമിന്റെയും ശരീഅത്തിന്റെയും അടിസ്ഥാന ലക്ഷ്യങ്ങളിലൊന്നാണ്. الدين يسر - മതമെന്നാൽ ലാഘവമാണെന്ന് ഒരു നബിവചനമുണ്ട്. اصر - ഭാരം എന്ന് പറയുന്നതിൽ സാമ്പത്തിക ഭാരവും പീഡനഭാരവും എല്ലാം ഉൾപ്പെടുന്നു. മനുഷ്യരെ ക്ലേശിപ്പിക്കുന്ന ഏതു ഭാരവും ലഘൂകരിക്കുക ദീനിന്റെ ദൗത്യമാകുന്നു. നടവഴിയിൽനിന്ന് മുള്ളെടുത്തുമാറ്റുന്നതുവരെ ഈമാന്റെ ശാഖയായി എണ്ണപ്പെട്ടിരിക്കുന്നു. ഇസ്‌ലാമിക കർമശാസ്ത്രം ക്ലേശനിവാരണത്തെ - رفع الحرج - അതിന്റെ അടിസ്ഥാനലക്ഷ്യങ്ങളിലൊന്നായി സ്വീകരിച്ചിട്ടുള്ളത് അതുകൊണ്ടാണ്.

ഞെരിക്കുന്ന ഭാരത്തിന്റെ മറ്റൊരു രൂപമാണ് വരിഞ്ഞുമുറുക്കുന്ന ചങ്ങല. രണ്ടു വാക്കിനെയും ഒരേ അർഥത്തിൽ എടുത്തുകൊണ്ടാണ് ചിലർ വ്യാഖ്യാനിച്ചിട്ടുള്ളതും. اغلال - ചങ്ങലകളിൽ അസ്വാതന്ത്ര്യത്തിന്റെയും ബന്ധനത്തിന്റെയും ആശയമാണ് മികച്ചുനിൽക്കുന്നത്. അത് രാഷ്ട്രീയമായ അടിമത്തമാകാം. ഋണബാധ്യത, കടുത്ത നിയമങ്ങൾ, ഉത്തരവാദിത്വങ്ങൾ എന്നിവ മൂലമുണ്ടാകുന്ന അസ്വാതന്ത്ര്യവും അവശതയുമാകാം. മനുഷ്യന്റെ സ്വാതന്ത്ര്യം തടയുന്ന എല്ലാ ചങ്ങലകളും പൊട്ടിച്ചെറിയാനാണ് ഇസ്‌ലാം ആഗതമായത്. ഒരേ ഒരു അടിമത്തം മാത്രമേ ഇസ്‌ലാം ആവശ്യപ്പെടുന്നുള്ളൂ. അത് സ്രഷ്ടാവും വിധാതാവുമായ അല്ലാഹുവിനോടുള്ള അടിമത്തമാകുന്നു. അല്ലാഹുവിനോടുള്ള അടിമത്തം മനുഷ്യനെ മറ്റെല്ലാ അടിമത്തങ്ങളിൽനിന്നും സ്വതന്ത്രനാക്കുന്നു, ആക്കണം. അതിനുവേണ്ടി ശ്രമിക്കേണ്ടത് പ്രവാചകന്റെയും അദ്ദേഹത്തിൽ വിശ്വസിച്ചവരുടെയും ബാധ്യതയാകുന്നു.

ഭാരത്തെയും ചങ്ങലകളെയും, ദുർവഹമായ നിയമബാധ്യതകളുമായി മാത്രം ബന്ധിച്ചുകൊണ്ടാണ് ചില പൂർവിക പണ്ഡിതന്മാർ വ്യാഖ്യാനിച്ചിരിക്കുന്നത്. നഷ്ടപരിഹാരം നൽകി രക്ഷപ്പെടാൻ വകുപ്പില്ലായ്ക, കൊലക്കുറ്റത്തിന് വധശിക്ഷവിധിക്കുക, പശ്ചാത്തപിക്കുമ്പോൾ ആത്മാഹുതി ചെയ്യുക, പാപം ചെയ്ത അവയവം ഛേദിച്ചുകളയുക, മലിനമായ വസ്ത്രഭാഗം മുറിച്ചുകളയുക, സാബ്ബത്തിലെ ജോലിനിഷേധം തുടങ്ങി പണ്ടുണ്ടായിരുന്ന പല നിയമങ്ങളും മനുഷ്യർക്കു വലിയ ഭാരമായിരുന്നു. അത്തരം ഭാരിച്ച നിയമച്ചങ്ങലകളിൽനിന്ന് ആളുകളെ മോചിപ്പിച്ചുകൊണ്ട് അന്ത്യപ്രവാചകൻ അവർക്ക് അയവും ആശ്വാസവുമുള്ള നിയമങ്ങൾ നൽകി. കൊല്ലപ്പെട്ടവരുടെ ഉറ്റവർ സമ്മതിക്കുന്ന പക്ഷം നഷ്ടപരിഹാരം നൽകി കൊലയാളിക്ക് വധശിക്ഷയിൽനിന്ന് രക്ഷപ്പെടാം. പാപികൾ പശ്ചാത്തപിക്കുമ്പോൾ ആത്മാഹുതി അരുത്. പാപം ചെയ്ത അവയവം മുറിച്ചു കളയേണ്ട. മലിനമായ വസ്ത്രഭാഗം കീറിക്കളയേണ്ട. കഴുകി ശുദ്ധീകരിച്ചാൽ മതി. സാബ്ബത്തുനാളിൽ തൊഴിലുകളിൽ ഏർപ്പെടാം. ഇതൊക്കെ പ്രവാചകൻ ഇറക്കിവെച്ച ഭാരങ്ങളിൽ പെടുന്നുവെങ്കിലും ഇവ മാത്രമല്ല മനുഷ്യരെ ഞെരുക്കുന്ന ഭാരവും വരിഞ്ഞുമുറുക്കുന്ന ചങ്ങലകളുമായിട്ടുള്ളത്. മനുഷ്യന്റെ അവകാശ സ്വാതന്ത്ര്യങ്ങളെ ഹനിക്കുന്ന വിവിധതരം ഭാരങ്ങളും ചങ്ങലകളും കാലാകാലങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കും. അവയിൽ നിന്നൊക്കെ അവരെ മോചിപ്പിക്കേണ്ടത് ഇസ്‌ലാമിക ദൗത്യത്തിന്റെ ഭാഗമാണ്. പ്രവാചകൻ പറഞ്ഞതായി ജാബിർ(റ) നിവേദനം ചെയ്യുന്നു: 'സ്വഛതയും ഉദാരതയും കൊണ്ടാണ് ഞാൻ നിയുക്തനായിരിക്കുന്നത്' മുആദുബ്നു ജബലിനെയും അബൂമൂസൽ അശ്അരിയെയും യമനിലേക്ക് അധികാരികളും പ്രബോധകരുമായി അയക്കുമ്പോൾ നബി(സ) അവർക്കു നൽകിയ ഉപദേശം ഇതായിരുന്നു: بشّرا ولا تنفّرا ويسّرا ولا تعسّرا وتطاوعا ولا تختلفا (നിങ്ങൾ ആളുകളെ സന്തുഷ്ടരാക്കുക, വെറുപ്പിക്കരുത്. അവർക്ക് കാര്യങ്ങൾ ലളിതമാക്കിക്കൊടുക്കുക, ക്ലിഷ്ടമാക്കരുത്. ഇരുവരും പരസ്പരം വിധേയരായിരിക്കുക, ഭിന്നിക്കരുത്.)

فَالَّذِينَ آمَنُوا എന്നു തുടങ്ങുന്ന വാക്യം മനുഷ്യരാശിയോട് പൊതുവിലും വേദക്കാരോട് വിശേഷിച്ചുമുള്ള ആഹ്വാനമാണ്. മേൽപറഞ്ഞ മഹദ് ദൗത്യവുമായി നിയുക്തനായ അന്ത്യപ്രവാചകനിൽ വിശ്വസിക്കുകയും അദ്ദേഹത്തെയും അദ്ദേഹത്തിന്റെ ദൗത്യത്തെയും ശക്തിപ്പെടുത്തുകയും സഹായിക്കുകയും അദ്ദേഹത്തിലൂടെ ഇറക്കപ്പെട്ട ഖുർആൻ നൽകുന്ന വെളിച്ചമനുസരിച്ച് ജീവിക്കുകയും ചെയ്യുന്നവരാണ് ഇനി ജീവിത വിജയത്തിന്റെ അവകാശികൾ. വേദക്കാരെ പ്രത്യേകം അനുസ്മരിപ്പിക്കുന്നത് ഇതാണ്: ഈ ദൈവദൂതന്റെ ആഗമനം സംബന്ധിച്ച വേദപ്രവചനങ്ങളുടെ സൂക്ഷിപ്പുകാരായ നിങ്ങൾ അദ്ദേഹത്തെ ആദ്യം സ്വാഗതം ചെയ്യേണ്ടവരാണ്. നിങ്ങളുടെ മേൽ വന്നുവീണിട്ടുള്ള പ്രകൃതിവിരുദ്ധമായ സകല ഭാരങ്ങളിൽനിന്നും ചങ്ങലകളിൽനിന്നും ഈ പ്രവാചകനിലൂടെ മോചനം നേടാം. അതുകൊണ്ട് നിങ്ങൾ അദ്ദേഹത്തെ അംഗീകരിക്കുക. അദ്ദേഹത്തെ ദുർബലമാക്കാനും തോൽപിക്കാനും ശ്രമിക്കാതെ ശക്തിപ്പെടുത്താനും ജയിപ്പിക്കാനും ശ്രമിക്കുക. وَعَزَّرُوهُ എന്നാണ് മൂലവാക്യം. ശത്രുക്കളുടെ ആക്രമണം ഏശാത്തവണ്ണം ശക്തിപ്പെടുത്തുകയും ഭദ്രമായി പ്രതിരോധിക്കുകയും ചെയ്തവൻ എന്നാണതിന്റെ ആശയം. അതായത് പ്രവാചകന്റെ വിമർശകരോടൊപ്പം ചേരുന്നതിനു പകരം, അദ്ദേഹത്തിന്റെ ആഗമനത്തെക്കുറിച്ച് തങ്ങളുടെ കൈവശമുള്ള വേദപ്രവചനങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് വിമർശനങ്ങളെ ഖണ്ഡിക്കുകയും ജനങ്ങളെ അദ്ദേഹത്തിൽ വിശ്വസിക്കാൻ പ്രേരിപ്പിക്കുകയുമാണ് യഥാർഥ വേദവിശ്വാസികൾ ചെയ്യേണ്ടത്. അദ്ദേഹത്തിന്റെ ദൗത്യത്തിൽ സഹായികളും സഹകാരികളുമായിരിക്കണം അവർ. അദ്ദേഹത്തിനവതരിച്ച വേദപ്രമാണങ്ങളെ പിന്തുടരുകയും വേണം. എങ്കിലേ അവർ സ്വന്തം വേദത്തെ പിന്തുടരുന്നവരും ദൈവഭക്തരുമാകൂ. അങ്ങനെയുള്ള വിശ്വാസികൾ മാത്രമേ സന്മാർഗസ്ഥരായിരിക്കൂ. ■